**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3079** **13-07-2022 - ൽ മറുപടിയ്ക്ക്**

**ആനങ്ങാടി റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് ഉടമസ്ഥതയിലുള്ള കടലുണ്ടി-ചെട്ടിയാർമാട് റോഡിലെ ആനങ്ങാടി റെയിൽവേ ഗേറ്റ് പലപ്പോഴും അടഞ്ഞുകിടക്കുന്ന കാരണവും തകരാർ സംഭവിക്കുന്നതിനാലും തീരദേശത്തു നിന്നും ദേശീയപാതയിലേക്ക് എത്താനുള്ള പ്രധാന ഗതാഗത മാർഗ്ഗം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മംഗലാപുരം -ഷൊർണ്ണൂർ ലൈനിൽ ആനങ്ങാടി റെയിൽവേഗേറ്റ് (LC No. 174-C @ RY KM647) ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും. സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം അഞ്ച് കോടി രൂപയും നിർമ്മാണത്തിന് ഏകദേശം ഇരുപത്തി അഞ്ച് കോടി രൂപയും ഉൾപ്പെടെ മുപ്പത് കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ബി) | ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. ആർ. ഡി. എസ്. സി. എൽ.)മുഖേന ഡി. പി. ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) മുഖേന ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് ബഹു.വള്ളിക്കുന്ന് എം.എൽ.എ 2018-ൽ നൽകിയ കത്തിന്മേൽ 2018-19 വർക്ക്സ് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയ പ്രവൃത്തികൾ ഒരുമിച്ച് പരിഗണിക്കാമെന്ന് ബഹു.ധനമന്ത്രി ഉത്തരവായിട്ടുണ്ടെന്നുള്ള വിവരം ബഹു.എം.എൽ.എ യെ അറിയിക്കുകയുണ്ടായിട്ടുണ്ട്.<br><br>2022-ൽ ബഹു.വള്ളിക്കുന്ന എം.എൽ.എ സമർപ്പിച്ച നിവേദനം പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ